ഇ.എക്സ്.സി/6332/2017 എക്സ്.ഇ.9

എക്സൈസ് കമ്മീഷണറുടെ
കാര്യാലയം, തിരുവനന്തപുരം-33
തീയതി: 28/02/2018.

## സർക്കുലർ

സർക്കാർ ഓഫീസുകളുടെ ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായും അല്ലാതെയും നടക്കുന്ന എല്ലാത്തരം ചടങ്ങുകളിലും ഡിസ്പോസിബിൾ വസ്തുക്കൾ ഒഴിവാക്കി പുനരുപയോഗിക്കാൻ കഴിയുന്നതും പുന:ചംക്രമണത്തിനു വിധേയമാക്കാൻ കഴിയുന്നതുമായ വസ്തുക്കൾ മാത്രം ഉപയോഗിച്ച് നടപ്പിലാക്കുന്ന തരത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പിൽ ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമാക്കി പാലിക്കേണ്ടതാണ്

1. എക്സൈസ് ഓഫീസുകളിൽ പ്ലാസ്റ്റിക് കവറുകൾ, പ്ലാസ്റ്റിക് കുപ്പികൾ, മറ്റ് പ്ലാസ്റ്റിക് ഉത്പന്നങ്ങൾ എന്നിവയുടെ ഉപയോഗം പരിപൂർണ്ണമായി നിരോധിക്കുക.
2. എക്സൈസ് ഓഫീസുകളിൽ വെച്ച് നടത്തപ്പെടുന്ന പൊതു ചടങ്ങുകളിൽ പൂക്കൾ, ബൊക്കെ, ഫ്ളവർ വേസ് എന്നിവ ഒഴിവാക്കുക.
3. ചടങ്ങിൽ പങ്കെടുക്കുന്ന വിശിഷ്ട വ്യക്തികൾക്ക് സ്വാഗതമേകുന്നതിന് പൂക്കൾ, ബൊക്കെ എന്നിവയ്ക്ക് പകരം ഗ്രീൻ പ്രോട്ടോക്കോൾ സന്ദേശങ്ങൾ അടങ്ങിയ ആശംസാകാർഡുകൾ / പരിസ്ഥിതി സംരക്ഷണം, ജലസ്രോതസ്സു കളുടെ സംരക്ഷണവും പരിപാലനവും, വനവൽക്കരണം എന്നിവയെ സംബന്ധിച്ച കൈ പുസ്തകങ്ങൾ എന്നിവ നൽകുക.
4. വെള്ളം, ചായ, കോഫി മുതലായവ നൽകുന്നതിനായി സ്റ്റീൽ ഗ്ലാസ് / ചില്ല് ഗ്ലാസ് മാത്രമേ ഉപയോഗിക്കാവു.
5. ചടങ്ങുകളിലെ സ്റ്റേജിന്റെ നിർമ്മാണം വളരെ ലളിതമായിരിക്കണം (പ്ലാസ്റ്റിക് തോരണങ്ങൾ, പ്ലാസ്റ്റിക് കളർപേപ്പറുകൾ, പോപ്പർ മുതലായവ ഒഴിവാക്കുക)
6. ഇരുമ്പുകസേര / തടി കസേര എന്നിവ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു.
7. ഫ്ളക്സ് ബോർഡുകൾ പരിപൂർണ്ണമായി ഒഴിവാക്കുക.
8. പരിസ്ഥിതിക്ക് ഹാനികരമായ എല്ലാ വസ്തുക്കളുടെയും ഉപയോഗം വർജ്ജിക്കേണ്ടതും നിരുൽസാഹപ്പെടുത്തേണ്ടതുമാണ്.

എക്സൈസ് കമ്മീഷണർ

**ഗ്രാഹകൻ**

അഡീ.എക്സൈസ് കമ്മീഷണർ (അഡ്മിൻ / എൻഫോഴ്സ്മെന്റ്)
വിജിലൻസ് ഓഫീസർ(എക്സൈസ്)
ജോയിന്റ് എക്സൈസ് കമ്മീഷണർ(എല്ലാം),
ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)
ലോ ഓഫീസർ, ഫിനാൻസ് ഓഫീസർ
എസ്റ്റേറ്റ് ഓഫീസർ,
സെക്ഷൻ സുപ്രണ്ടുമാർ (എക്സൈസ് കമ്മീഷണറേറ്റ്)